# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2315 — 08.12.2015-ലെ മറുപടിയ്ക്ക്

## കാർഷിക വായ്പകൾ

**ചോദ്യം**

ശ്രീമതി.കെ.കെ.ലതിക

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ
വ്യവസായവും വകുപ്പ് മന്ത്രി)

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ഇതുവരെ സഹകരണ ബാങ്കുകൾ എത്ര തുകയ്ക്കുള്ള കാർഷിക വായ്പ ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ലഭ്യമാക്കിയ കാർഷിക വായ്പാ തുക സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| നം. | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മലപ്പുറം | 6895.55 |
| 2 | എറണാകുളം | 14490.58 |
| 3 | തൃശ്ശൂർ | 12573.54 |
| 4 | പത്തനംതിട്ട | 2760.41 |
| 5 | കൊല്ലം | 2962.27 |
| 6 | ഇടുക്കി | 7909.69 |
| 7 | കാസർഗോഡ് | 8997.96 |
| 8 | കോട്ടയം | 12020.13 |
| 9 | പാലക്കാട് | 12779.60 |
| 10 | വയനാട് | 3357.99 |
| 11 | തിരുവനന്തപുരം | 10047.98 |
| 12 | ആലപ്പുഴ | 5410.00 |
| 13 | കണ്ണൂർ | 19020.00 |
| 14 | കോഴിക്കോട് | 16537.60 |
| ആകെ | | 135753.00 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വായ്പയിൽ സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക്, സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രൈമറി കാർഷിക സംഘങ്ങൾ എന്നിവ എത്ര തുകവീതം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് 31.10.2015 വരെ 20132.97 ലക്ഷം രൂപ കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും കർഷകർക്ക് നേരിട്ട് കാർഷിക വായ്പ വിതരണം ചെയ്യുന്നില്ല. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ മുഖേന 115620.33 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വായ്പകളിൽ കൃഷിക്കാർക്ക് ഏതെങ്കിലും പലിശയിളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക നൽകി എന്ന് വിശദമാക്കുമോ? | (സി) | കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് 2015-16 വർഷം 30.9.15 വരെ 190.52 ലക്ഷം രൂപ പലിശയിളവ് നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നൽകിയ വായ്പകൾക്ക് പലിശയിളവ് നൽകിയ ഇനത്തിൽ ക്ലെയിം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ